**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** **11-09-2023 - ൽ മറുപടിയ്ക്ക്**

**നഗരൂർ നെടുംപറമ്പ് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രൊജക്ടറുകളുടെ മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ നെടുംപറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ പ്രൊജക്ടറുകൾ മോഷണം പോയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ, ഏർപ്പെടുത്തിയ ബദൽ സംവിധാനങ്ങൾ എന്നിവ വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ നെടുംപറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ 20.03.2020 നും 02.04.2020 നും മധ്യേ നടന്ന മോഷണത്തിൽ സ്കൂളിൽ നിന്നും 4 പ്രോജക്ടറുകൾ മോഷണം പോകുകയും, 02.04.2020 ൽ നഗരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം.191/2020, 454 & 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൈറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, ജില്ലാ പഞ്ചായത്ത്, ആർ.ഡി.ഡി എന്നീ ഓഫീസുകളിലേക്ക് പ്രസ്തുത സ്കൂളിൽ മോഷണം നടന്നിട്ടുള്ള വിവരം അറിയിച്ചിട്ടുണ്ട്.<br><br>2022 – 23 ലെ എസ്.എസ്.കെ ഫണ്ടിൽ 33,000/- രൂപ ചെലവഴിച്ച് ഒരു പ്രോജക്ടർ വാങ്ങി ക്ലാസ്സ് റൂമിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും, കൂടാതെ ലാപ്ടോപ്പ് ഉപയോഗിച്ച് അധ്യയനം നടന്ന വരുന്നുണ്ടെന്നും സ്കൂൾ പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ